# St. Antony's Girls' HS Vadakara

## Academic Master Plan 2025-26

# ആമുഖം

വിദ്യാലയങ്ങൾ നാടിന്റെയും സമൂഹത്തിന്റെയും വിലമതിക്കാനാവാത്ത സമ്പത്താണ്. അതുകൊണ്ടു തന്നെ നാടിന്റെ നിലനിൽപിനും നന്മയ്ക്കും വിദ്യാലയത്തിന്റെ കരുത്തുറ്റ വിജയമാണ് താങ്ങായി നിൽക്കുക. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസമേഖലയിൽ നവചൈതന്യം സൃഷ്ടിച്ചിരിക്കുന്നു. സമൂഹപങ്കാളിത്തത്തോടെ, വലിയതോതിലുള്ള വിവിധങ്ങളായ ഇടപെടലുകളിലൂടെ വിദ്യാലയങ്ങളുടെ ഭൗതികസൗകര്യമുയർത്തുന്നതിനുള്ള പദ്ധതികൾ എല്ലാ മണ്ഡലത്തിലും ആരംഭിച്ചു. അതിന്റെ വെളിച്ചത്തിൽ പൊതുവിദ്യാഭ്യാസ നിലവാരമുയർത്താനുള്ള ആസൂത്രിതമായ ആക്കാദമിക പ്രവർത്തനങ്ങൾ ലക്ഷ്യം വച്ച് സാക്ഷാത്കരിക്കണം. ഇതിനെ മുൻനിർത്തി സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂൾ തയ്യാറാക്കുന്ന അക്കാദമിക ആസൂത്രണ രേഖ.

അസാധാരണമായ വിശിഷ്ടവ്യക്തിത്വത്തിന്റെ ഉദാത്ത പ്രതീകമായ മദർ വെറോണിക്കയിലൂടെ ഒരു ശതാബ്ദത്തിനു മുമ്പു തന്നെ അനേകം ശാഖോപശാഖകളോടെ വൻ വൃക്ഷമായി തീർന്ന് ഭാരതത്തിൽ വേരുറച്ചതാണ് അപ്പോസ്തോലിക് കാർമൽ സന്യാസി സഭ. 1870 ൽ ഭാരതത്തിലെ ആദ്യ അപ്പോസ്തോലിക് കാർമൽ സന്യാസിഭവനം മംഗലാപുരത്ത് പ്രവർത്തനമാരംഭിച്ചു. വിദ്യാഭ്യാസത്തിലൂടെയും സാമൂഹിക ആതുരസേവനത്തിലൂടെയും ക്രിസ്തീയ മൂല്യങ്ങൾ പരിശീലിപ്പിക്കുന്നതിനായി ദേശീയവും അന്തർദേശീയവുമായി 150 ഓളം സ്ഥാപനങ്ങൾ സഭ നടത്തിവരുന്നു. അപ്പോസ്തോലിക് കാർമ്മൽ എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള ഒൻപത് ഹൈസ്കൂളുകളിൽ ഒന്നാണ് 1938 ജൂലൈ 4 ന് ഒരു യുപി സ്കൂളായി വടകരയിൽ പ്രവർത്തനമാരംഭിച്ച ഇന്നത്തെ സെന്റ് ആന്റീസ് ഗേൾസ് ഹൈസ്കൂൾ. പെൺകുട്ടികൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നു വരാതിരുന്ന ഒരു കാലഘട്ടത്തിൽ ജാതിമതഭേദമന്യേ വടകരയിൽ പെൺകുട്ടികൾ സത്യം, നീതി, ധർമ്മം തുടങ്ങിയ സനാതന മൂല്യങ്ങളെക്കുറിച്ച് ശരിയായ അവബോധം വിദ്യാഭ്യാസത്തിലൂടെ നൽകാനായി ലക്ഷ്യം വച്ചുകൊണ്ട് ഈ വിദ്യാലയം അതിന്റെ ചരിത്രപ്രയാണമാരംഭിച്ചു. ബാലാരിഷ്ടതകളിൽ നിന്നും ഈ വിദ്യാലയത്തെ കൈ പിടിച്ചുയർത്താൻ കരുത്തായത് സ്നേഹസമ്പന്നരായ നാട്ടുകാരുടെയും അന്നത്തെ കോഴിക്കോട് മെത്രാന്റെയും വികാരിയച്ചന്മാരുടെയും അതിലേറെ ആത്മാർപ്പണമുള്ള സന്യാസസമൂഹത്തിന്റെയും അകമഴിഞ്ഞ സംയുക്ത ശ്രമമാണ്. 1938 നവംബർ 6 ന് ഒന്നു മുതൽ ഏഴു വരെയുള്ള ക്ലാസുകൾക്ക് ഗവൺമെന്റിൽ നിന്ന് ഹൈസ്കൂളിന് അംഗീകാരം ലഭിച്ചു. വിശാലമായ കളിസ്ഥലത്തിന്റെ അഭാവം നിമിത്തം സ്കൂളിന് ഗവൺമെന്റിന് സ്ഥിരമായ അംഗീകീരമില്ലായിരുന്നു. അതിനാൽ 1960 ൽ പള്ളിയുടെയും

സ്കൂളിന്റെയും ഇടയിലുള്ള 89 സെന്റ് സ്ഥലം കളിസ്ഥലത്തിനായി വാങ്ങുകയും 1960 ജനുവരിയിൽ സ്കൂളിന് സ്ഥിരമായ അംഗീകാരം ലഭിക്കുകയും ചെയ്തു.

പെൺകുട്ടികളുടെ സർവ്വതോന്മുഖമായ വികാസം ലക്ഷ്യം വെക്കുന്ന സെന്റ് ആന്റണീസിന് വടകരയുടെ പ്രൗഢമായ സാംസ്കാരികവിദ്യാഭ്യാസ ചരിത്രത്തിൽ വലിയൊരളവിൽ പങ്കു വഹിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യത്തിൽ സംശയത്തിനിടയില്ല. 1983 ൽ കോഴിക്കോട് ജില്ലയിലുള്ള ഏറ്റവും പ്രശസ്തമായ വിദ്യാലയമായി സെന്റ് ആന്റണീസിനെ തെരഞ്ഞെടുത്തിരുന്നു. ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സ് ആയിരുന്ന (1848 മുതൽ 1963 വരെ) സിസ്റ്റർ പ്രസില്ലയ്ക്ക് 1962 ൽ ഇന്ത്യൻ പ്രസിഡണ്ടിൽ നിന്ന് ദേശീയ അധ്യാപിക അവാർഡ് ലഭിച്ചു. 1985 ൽ സിസ്റ്റർ ഡെസിഡേറിയ, 1995 ൽ സിസിലി ടീച്ചർ എന്നിവർക്ക് പ്രശസ്ത സേവനത്തിന് സംസ്ഥാന അവാർഡ് ലഭിച്ചു. വിവധ വർഷങ്ങളിലായി കരസ്ഥമാക്കിയ എസ്എസ്എൽസി റാങ്കുകൾ ഈ വിദ്യാലയത്തിന്റെ പൊൻതൂവൽ തന്നെ. എസ്.എസ്.എൽ.സി വിജയശതമാനത്തിൽ മിക്ക വർഷങ്ങളിലും 100 ശതമാനം കരസ്ഥമാക്കിക്കൊണ്ടും യു.എസ്.എസ്, എൻ.എം.എം.എസ് മുതലായ സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നതവിജയം നേടിയെടുത്തു കൊണ്ടും ഗൈഡ്സിലൂടെ രാജ്യപുരസ്കാർ നേട്ടം കരസ്ഥമാക്കിക്കൊണ്ടും ഈ വിദ്യാലയം അതിന്റെ മുന്നോട്ടുള്ള യാത്ര തുടരുന്നു. ശാസ്ത്രമേളകളിലും കലാമേളകളിലും യുപി-ഹൈസ്കൂൾ വിഭാഗങ്ങളിൽ തിളക്കമാർന്ന നേട്ടം ഈ വിദ്യാലയത്തിന്റെ ഇന്നലയേയും ഇന്നിനെയും അലങ്കരിക്കുന്നു. 2024-25 അധ്യയന വർഷത്തിൽ സംസ്ഥാനതല .സയൻസ് സ്റ്റിൽ മോഡൽ എ ഗ്രേഡും മാത്സ് പ്രോജക്ടിൽ എ ഗ്രേഡും ഐടി മലയാളം ടൈപ്പിംഗിൽ ബി ഗ്രേഡും കുട്ടികളുടെ സർല്ലതോന്മുഖമായ വികസനം ലക്ഷ്യം വെക്കുന്ന ഈ വിദ്യാലയത്തിന്റെ സുവർണ്ണനേട്ടങ്ങളാണ്.

ഊർജ്ജസംരക്ഷണമേഖലയിൽ വടകര വിദ്യാഭ്യാസമേഖലയിലെ മികച്ച സ്കൂളിലൊന്നായതും ഈ വിദ്യാലയത്തിന്റെ എടുത്തുപറയത്തക്ക നേട്ടം തന്നെ. സ്ഥലപരിമിതി ഉണ്ടെങ്കിൽ കൂടിയും കായികമേഖല കൈവരിച്ച നേട്ടങ്ങളും മികവുറ്റതു തന്നെ. ഓരോ അക്കാദമിക വർഷത്തിലും മികച്ച കായികതാരങ്ങളെ തന്നെ കേരള കായിക മേഖലയ്ക്ക് സെന്റ് ആന്റണീസ് സംഭാവന ചെയ്തു വരുന്നു.

കോഴിക്കോട് മുൻ ഡിഡിഇ ഷ്രീമതി. ഗൗരി, മുൻ മിനിസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി. രഞ്ജിനി രഘുവത്ത്, എഴുത്തുകാരി ഹീര ജെൻസി മൂർക്കോത്ത്, കോഴിക്കോട് ജില്ല മുൻ കൃഷി വകുപ്പ് മേധാവി ശ്രീമതി. ഹീര നെട്ടൂർ, ശാസ്ത്ര റിപ്പോർട്ടർ സീമ ശ്രീലയം, ഐ.എസ്.ആർ.ഒ പോലെയുള്ള ശാസ്ത്രമേഖലയിൽ മികവുനേടിയ കാവ്യ വിനയൻ, അന്താരാഷ്ട്ര വോളീബോൾ കളിക്കാരായ പൂർ

ഷ്ണിമ മുരളീധരൻ, ആതിര ശ്രീധരൻ, ശ്രുതി എം, സേവനരംഗത്ത് പ്രഗൽഭരായ നിരവധി ഡോക്ടർമാർ, നഴ്സുമാർ, എഞ്ചിനീയർമാർ എന്നിങ്ങനെ സമൂഹത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖർ ഈ വിദ്യാലയത്തിന്റെ ഗതകാല പ്രൗഢിയുടെ ഭാഗമാണ്.

ഇന്ന് 1045 വിദ്യാർത്ഥികളും 37 അധ്യാപികമാരും 5 അധ്യാപകതേര ജീവനക്കാരും ഈ വിദ്യാലയത്തിന്റെ ഭാഗമാണ്. എൽ കെ ജി മുതൽ രത്താം ക്ലാസ് വരെയുള്ള ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും ഈ വിദ്യാലയത്തിലുണ്ട്. വിദ്യാർത്ഥികൾക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിനായി കത്തോലിക്കാ കുട്ടികൾക്ക് വേദപാഠവും  മറ്റ് കുട്ടികൾക്ക് സന്മാർഗ്ഗപാഠവും നൽകുന്നു. ഗൈഡ്സ്, റെഡ്ക്രോസ് എന്നിവയും എല്ലാ ക്ലബ്ബുകളും കൃത്യമായി സ്കൂൾ വികസന പാതയിൽ പങ്കുചേരുന്നു. ദൈവവിശ്വാസം, പരസ്പരസ്നേഹാദരങ്ങൾ, ആത്മീയ നിയന്ത്രണം, കഠിനാധ്വാനം, കൃത്യനിഷ്ഠത, അച്ചടക്കം, പ്രകൃതി സ്നേഹം, സേവനമനോഭാവം, സഹാനുഭൂതി എന്നീ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതുലൂടെ നാളെയുടെ വാഗ്ദാനങ്ങളെ വീടിനും നാടിനും അഭിമാനിക്കത്തക്ക ഉത്തമവ്യക്തികളാക്കിത്തീർക്കാനുതകുന്ന സമഗ്രവ്യക്തിത്വ വികാസമാണ് ഈ വിദ്യാലയത്തിലെ അധ്യനം ലക്ഷ്യം വെക്കുന്നത്.

| മേഖല : അക്കാദമികം<br>ഉപമേഖല : മലയാളം(ഹൈസ്കൂൾ) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തക വിശകലനം |
| ആശയവിനിമയ ശേഷി മികവുറ്റതാക്കുക | കഥാശ്രവണം, കഥ പറച്ചിൽ, അഭിമുഖം, വായന, വീഡിയോ കോൺഫറൻസ്, വ്യത്യസ്ത വ്യവഹാരരൂപങ്ങളുടെ അവതരണം | 1 വർഷം | പിടിഎ,<br>അധ്യാപകർ | 20000 |
| ഭാഷാശേഷി വികസനം, മലയാളഭാഷയിൽ നന്നായി വായിക്കാനും എഴുതാനുമുള്ള ശഷി വികസിപ്പിക്കൽ | • പഠനനില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിഹാരബോധന പ്രവർത്തന പാക്കേജ്<br>• ക്ലബ് പ്രവർത്തനങ്ങൾ വിദഗ്ദരുടെ ക്ലാസ്സുകൾ<br>• ക്ലാസ് ലൈബ്രറി<br>• സിനിമാ ആസ്വാദനം<br>• പത്രവായന പരിപോഷണമ<br>• അക്ഷരശ്ലോകം<br>• പഠനയാത്രകൾ | 1 വർഷം | ക്ലാസ് അധ്യാപിക<br>ഭാഷാധ്യാപകർ<br>എസ്.എസ്.ജി<br>പിടിഎ<br>അധ്യാപകർ | പിടിഎ<br><br>500<br>10000<br>7500 |
| വായനാപരിപോഷണം | • ക്ലബ് ലൈബ്രറി വിപുലീകരണം(പുസ്തക പരിചയം) ഒരു കുട്ടി ഒരു പുസ്തകം<br>• സാഹിത്യ ക്വിസ്<br>• വാർത്താവതരണം<br>• വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വിവിധ | 1 വർഷം | ക്ലാസ് അധ്യാപിക<br>ഭാഷാധ്യാപകർ | പിടിഎ<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| | വ്യവഹാരരൂപങ്ങൾ അവതരിപ്പിക്കുന്നു. | | | |
| കൈയക്ഷരം മെച്ചപ്പെടുത്തൽ - അക്ഷരങ്ങൾ ഉറപ്പിക്കൽ | • പകരത്തെഴുത്ത്<br>• നിഘണ്ടു നിർമ്മാണം<br>• പദസൂര്യൻ<br>• കേട്ടെഴുത്ത്<br>• അകഷരകേളി | 1 വർഷം | ക്ലാസ് അധ്യാപിക<br>ഭാഷാധ്യാപകർ | 200 |
| സർഗ്ഗശേഷി വകസനം | • പതിപ്പ് നിർമ്മാണം<br>• ചുമർപത്രിക<br>• പത്രനിർമ്മാണം<br>• അഭിമുഖങ്ങൾ സംഘടിപ്പിക്കൽ(മഴയാത്ര, നാട്ടറിവു യാത്ര, കാടറിവുയാത്ര, കാടറിവു യാത്ര)<br>• രചനാശിൽപങ്ങൾ<br>• വിവധ കലാരൂപങ്ങളുടെ അവതരണം | 1 വർഷം | ക്ലാസ് പിടിഎ<br>അധ്യാപകർ<br>എസ്ആർജി | 1000 |
| ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തി പഠനനിലവാരം  ഉയർത്തൽ | • രാവിലെയും വൈകുന്നേരവും പ്രത്യേക പരിശീലനം<br>• ഗൃഹസന്ദർശനം<br>• മോട്ടിവേഷൻ ക്ലാസ്സുകൾ<br>• പ്രോത്സാനസമ്മാനം നൽകൽ | 1 വർഷം | ക്ലാസ് പിടിഎ<br>അധ്യാപകർ<br>എസ് എസ് ജി | 1000 |
| പ്രതികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ | • പ്രീ ടെസ്റ്റ്<br>• കോച്ചിംഗ് ക്ലാസ്സുകൾ<br>• ക്വിസ്<br>• വീഡിയോ കോൺഫറൻസ് | | റിസോഴ്സ് പേഴ്സൺസ് - ഡയറ്റ്<br>എസ് ആർ ജി | 500 |

| **മേഖല : അക്കാദമികം**<br>**ഉപമേഖല : മലയാളം (യുപി)** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ഭാതികം** | **ചുമതല** |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>അക്ഷരങ്ങൾ/ അടയാളങ്ങൾ ഉറപ്പിക്കൽ<br>അക്ഷരകാർഡുപയെഗിച്ച് വാക്കുകൾ നിർമ്മിക്കൽ<br>വാക്യ നിർമ്മാണം | 2 മാസം | കാർഡുകൾ<br>പുസ്തകങ്ങൾ | പിടിഎ,<br>അധ്യാപകർ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | • ക്ലാസ്സ് ലൈബ്രറി സജ്ജീകരണം<br>• ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• ലൈബ്രറി അംഗത്വം<br>• പത്രവായന(ക്ലാസ്സ്)<br>• വായനാനുഭവം പങ്കുവെക്കൽ<br>• വായനക്കുറിപ്പ് - പതിപ്പ്<br>• പുസ്തക ചർച്ച<br>• വായനോത്സവം<br>• കഥാപാത്രങ്ങളെ കണ്ടെത്തൽ<br>• വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>• ദിനാചരണം | | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>പുസ്തകങ്ങൾ | പിടിഎ<br>അധ്യാപകർ |

| മേഖല : അക്കാദമികം<br>ഉപമേഖല : ഇംഗ്ലീഷ്(ഹൈസ്കൂൾ) | | | | |
|---|---|---|---|---|
| **AIM** | **ACTIVITIES** | **MONTH** | **RESPONSIBLE PERSON** | **ECONOMIC SOURCE** |
| To encourage Listening & Speaking | Interactive Sessions<br>• Discussions on current issues<br>• Panel discussions on movies<br>• Story telling Sessions<br>• Interviews<br>• Radio Podcast<br>• Speech Choir<br>• Role Plays<br>• Listening to TV News<br>• Seminar<br>• Poem Choreography<br>• Debates and presentation for speaking<br>• Dump charades | JUNE – JULY<br><br>AUGUST - SEPTEMBER | English Teachers<br><br>English Club | |
| To encourage Reading, Develop basic Reading, writing, listening and speaking skills Cultivate effective communication skills for | Interactive Reading circles:<br>• Students reading stories in groups<br>• Summary and analysis of the text<br>• Guided reading sessions with comprehension questions<br>• Loud reading of news papers | JUNE – JULY<br><br>AUGUST – SEPTEMBER | English Teachers | |

| | | | | |
|---|---|---|---|---|
| various contexts. | • Reading Theatre<br>• Radio Play<br>• Student assembly programmes | | | |
| To develop writing skills<br>Introduce grammatical concepts such as parts of speech, tenses and sentence structure.<br>To develop basic grammar rules<br>Focus on Sentence structure, punctuation and grammar.<br>Expand vocabulary through reading and interactive activites. | Improve Sentence structure:<br>Practice for simple creative writing tasks like descriptive paragraphs, short stories and poems. Preparing and delivering speeches.<br>• Event invitation to practice writing formal letter.<br>• Travel journal<br>• Creating alternative endings to stories.<br>• Comic strip- for stories.<br>• Scripting radio podcast.<br>• Report writing for seminar.<br>• Preparing memoir, biographical sketch.<br>• Work sheets for marking punctuations.<br>• Preparing news paper reports. | OCTOBER-NOVEMBER<br><br>DECEMBER | English Teachers | |
| Differentiation and support | Differentiated instruction<br>• Slow and expressive reading and narration. | | | |

| | | | | |
|---|---|---|---|---|
| | • ICT integrated instruction<br>Activity oriented class room.<br>• Peer tutoring<br>• Remedial teaching<br>• Guided teaching materials<br>Advanced activities for gifted learners.<br>• Book review circle<br>• Character Hot Seat<br>• TED – style talks<br>• Radio Jockey Activity<br>• Mock interview | JANUARY | English Teachers | |
| Assessment and feedback | Design a range of assessment tasks and tools to measure students' language proficiency, comprehension and writing skills.<br>Provide timely feedback to students. | | | |

| മേഖല : അക്കാദമികം<br>ഉപമേഖല : ഇംഗ്ലീഷ്(യുപി) | | | | |
|---|---|---|---|---|
| **Aim** | **Activity** | **Time** | **In charge** | **Expense** |
| Creative reading through conversation | • Meet up with English experts<br>• One act play to enrich English language.<br>• I too can – reading through cards<br>• Learning Ladder – to increase the vocabulary.<br>• Radio Jockey<br>• Reader of the month – Through News paper reading. | | English Teacher | |
| Learning to rite English without errors | • My droplets – By enhancing English through magazines & dictionary<br>• Alert zone – Posters & Placards, thoughts in English<br>• Run baby run – group activities to rectify the mistakes.<br>• Fun time funda – Riddles puzzles, proverb | | | |
| Speaking with confidence | • English through reels<br>• English Assembly<br>• the grand camp(workshop)<br>• Breaking news<br>• Phonetics | | | |

| മേഖല : അക്കാദമികം<br>ഉപമേഖല : സാമൂഹ്യശാസ്ത്രം(ഹൈസ്കൂൾ) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലദൈര്ഘ്യം** | **ചുമതല** | **സാമ്പത്തികം** |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും :** ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br><br>**വയൽ കിളികൾ :** സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകളില്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠനട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം എന്നിവ വളർത്തുക. | ഒന്നായി നമ്മൾ : സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ സുമനസുകൾ |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണനിരീക്ഷണം വളർത്തുക | സ്റ്റാർട്ട് അപ്പ് : സാമൂഹ്യശാസ്ത്രലാബുകൾ ക്രമീകരിക്കുന്നു. ആകാശകാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ മാനേജ്മെന്റ് |
| മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ : സർവ്വേ, പ്രൊജക്ട് ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക, സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | എന്നിവയുലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | | | |
| ഭൂപടവായന കുട്ടികളിൽ വളർത്തുക. സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുകഎന്ന ലക്ഷ്യം കൈവരിക്കുക | പട്ടുപാതയിലൂടെ : ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കാൻ കുട്ടികളെ സഹായിക്കുന്നു. ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | മൈ സിനിമ റൂം : സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനമേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം...... സിനിമ(ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | ചരിത്ര കൊട്ടാരം : വിവധമേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്രലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല : അക്കാദമികം

**ഉപമേഖല : സാമൂഹ്യശാസ്ത്രം(യുപി)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളെ ചരിത്രാവബോധം ഉള്ളവരാക്കുക | • മുതിർന്ന പൗരന്മാരുമായി അഭിമുഖം നടത്തൽ<br>• ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, വസ്തുക്കൾ എന്നിവ കണ്ടെത്താൻ ഫീൽഡ് ട്രിപ്പ്<br>• ചരിത്രാവബോധം വളർത്താനായി ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ | അക്കാദമിക വർഷം | | |
| ഭൂമിശാസ്ത്രത്തെ ശാസ്ത്രീയമായി അവലോകനം ചെയ്യൽ | • ജിഗ്സോ പസിൽ തയ്യാറാക്കൽ, ഐടി സാധ്യത ഉപയോഗപ്പെടുത്തൽ<br>• പഠനബോധന സാമഗ്രികൾ തയ്യാറാക്കൽ(ഗ്ലോബ് ......)<br>• കേരള, ഇന്ത്യ, ലോക ഭൂപടങ്ങളിൽ നിരന്തര പരിശീലനം.<br>• അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് ചോദ്യോത്തരപ്പയറ്റ്, ക്വിസുകൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തൽ | • വിദ്യാലയ തലം മുതൽ ഗൃഹാന്തരീക്ഷം വരെ പരിസ്ഥിതി സൗഹാർദ്ദപരമായ വസ്തുക്കൾക്ക് പ്രാധാന്യം നൽകുക<br>• പരിസ്ഥിതിക്ക് ദോഷകരമായ വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ബോധവാന്മാരാക്കാനായി ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക.(പൊതുസ്ഥലങ്ങൾ) | | | |

## മേഖല : അക്കാദമികം

**ഉപമേഖല : സയൻസ് (ഹൈസ്കൂൾ)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അത്ഭുത കണ്ണിലൂടെ ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിക്കുന്നു | • ശാസ്ത്രജ്ഞരുടെ ജീവിതരേഖ കൊണ്ട് ആകർഷകമാക്കൽ<br>• പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം, ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>• ശാസ്ത്ര പ്രിസിദ്ധീകരണങ്ങൾ ലഭ്യമാക്കുന്നു. (യുറീക്ക, ശാസ്ത്രകേരളം)<br>• ഐഡിയ ബോക്സ് :- കുട്ടികളുടെ നൂതനമായ ശാസ്ത്ര ആശയങ്ങൾ കണ്ടെത്തൽ<br>• സയൻസ് ലൈബ്രറിയിൽ പുസ്തകക്രമീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| ശാസ്ത്രലോകത്തേക്കൊരു കാൽവെയ്പ് നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | • ശാസ്ത്രനാടകം ക്ലാസ്സ് അടിസ്ഥാനത്തിൽ സയൻസ് ക്ലബ്ബിൽ അവതരിപ്പിക്കൽ, ക്ലാസ് തല ലഘുപ്രൊജക്ടുകൾ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| സുസ്ഥിര വികസനം പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ | • പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൽ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു.<br>• സൗരോർജ്ജം പാനൽ, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്, ലഭ്യമായ സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ<br>• Used pen box എല്ലാ ക്ലാസ്സുകളിലും സ്ഥാപിക്കൽ<br>• കുട്ടികൾക്ക് പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി സീഡ് പെൻ വിതരണം. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സയൻസ് ക്ലബ്<br><br>സയൻസ് ക്ലബ് | അധ്യാപകർ<br><br>പ്രധാനാധ്യാപിക |
| ആരോഗ്യസംരക്ഷണം ശാസ്ത്രത്തിലൂടെ | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. വ്യക്തിശുചിത്വം, ആർത്തവശുചിത്വ ബോധവൽക്കരണം, സൂംബ, കരാട്ടെ | അക്കാദമിക വർഷം | സയൻസ് ക്ലബ് | പിടിഎ അധ്യാപകർ |
| ശാസ്ത്ര ബഹിർസ്ഫുരണം | ശാസ്ത്രജ്ഞരുമായുള്ള സംവാദം<br>ശാസ്ത്ര ലബോറട്ടറി പുനരുദ്ധാരണം, ശിൽപശാലകൾ സംഘടിപ്പിക്കുന്നു, ശായ്ത്രക്ലബ് പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നു.<br>പഠനോപകരണ നിർമ്മാണ ശിൽപശാലകൾ,<br>ദിനാചരണങ്ങൾ<br>ക്വിസ്<br>ഉപന്യാസം | അക്കാദമിക വർഷം | സയൻസ് ക്ലബ് | മാനേജ്മെന്റ് |

## മേഖല : അക്കാദമികം

**ഉപമേഖല : സയൻസ് (യുപി)**

| Aim | Activity | Time Span | In charge | Funding |
|---|---|---|---|---|
| Identify science from life situations and surroundings | Vegetable gardening, butterfly park.<br>Prepare a biodiversity register<br>Experiments based on class<br>Curriculum extended activities. | Academic year<br>June<br><br>July | Science teachers<br><br><br>Science Club | Science club<br>PTA<br>Agricultural |
| Develop scientific skill | Science expo<br>Notice board expo<br>Science fair, quiz – Participation<br>Collect science magazine – Include in class libraries | Academic year | Science Club<br>Science teachers | Parents<br>Science Club<br>Teachers |
| Introduce latest scientific technology using ICT | Science Film expo – ICT | Academic year | Science teachers<br>Little Kites | Science club |
| Develop a scientific observation | Exhibit models prepared related to the syllabus | Academic year term wise | Science Club | Science club |
| Develop an eco friendly attitude | Plastic free campus. Maximise greenery in the compound | Academic year | Science Club<br>Teachers | PTA<br>Science club |

## മേഖല : അക്കാദമികം

**ഉപമേഖല : ഗണിതം(ഹൈസ്കൂൾ)**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | ഗണിതാധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് |
| 2 | നിർമ്മിതികളുലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിലെ ഉപകരണങ്ങളുടെ ഉപയോഗം | തുടർ പ്രവർത്തനം | ഗണിതാധ്യാപകർ | പിടിഎ |
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | സെമിനാർ | ഒരു ടേമിൽ ഒന്ന് | ഗണിതാധ്യാപകർ ഗ്രൂപ്പ് ലീഡേഴ്സ് | പിടിഎ |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ക്ലബ്ബ് പ്രവർത്തനം സംഘടിപ്പിക്കൽ | അക്കാദമിക വർഷത്തിൽ ഓരോ ക്ലാസിനും ഒന്നു വീതം | ക്ലബ്ബ് സെക്രട്ടറി ഗണിതാധ്യാപകർ | ഗണിതക്ലബ്, മാനേജ്മെന്റ് |
| 5 | സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | | അധ്യാപകർ സംഘതലവൻ | പിടിഎ |
| 6 | കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ഓരോ പാഠത്തിനു മുൻപും മുന്നറിവ് ഉറപ്പിക്കുന്നു. | തുടർപ്രവർത്തനം | അധ്യാപകർ | പിടിഎ |
| 7 | ഗണിത മത്സരവേദിയിലേക്ക് : മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി അധ്യാപകർ | പിടിഎ |

| | | | | | |
|---|---|---|---|---|---|
| 8 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | പിടിഎയിൽ മാറി വന്ന പുസ്തകം, ചോദ്യരൂപങ്ങൾ എന്നിവ പരിചയപ്പെടുത്തൽ | ടേമിൽ ഒന്ന് | എച്ച് എം, അധ്യാപകർ, പിടിഎ | പിടിഎ |
| 9 | പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ മികവ് വർദ്ധിപ്പിക്കൽ | പിയർ ഗ്രൂപ്പ് പഠനം | വൈകുന്നേരങ്ങളിൽ പ്രത്യേകമായ പരിശീലനം | ഗണിതാധ്യാപകർ | പിടിഎ |
| 10 | ദിനാചരണങ്ങൾ<br>ജൂൺ - വായനാവാരത്തിലെ ഒരു ദിനം<br>ജൂലൈ 22 –<br>പൈ അപ്രോക്സിമേഷൻ ഡേ<br>ഡിസംബർ 22 –<br>ദേശീയ ഗണിതദിനം, രാമാനുജ ദിനം<br>മാർച്ച് 14 – പൈ ഡേ | ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അസ്സംബ്ലിയിൽ അവതരണം | അതതു ദിവസങ്ങൾ | ഗണിത ക്ലബ്ബ് അംഗങ്ങൾ | പിടിഎ |

## മേഖല : അക്കാദമികം

### ഉപമേഖല : ഗണിതം(യുപി)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | • ഗണിത ശിൽപശാല<br>• കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്.... എന്നിവ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിതാധ്യാപികർ |
| ഗണിതത്തിൽ കുട്ടികളുട അറിവ് വർദ്ധിപ്പിക്കൽ | • ഗണിത നിഘണ്ടു<br>• കുട്ടികൾക്ക് പുതുതായി ലഭിക്കുന്ന ഗണിതാശയങ്ങൾ രേഖപ്പെടുത്തി വയ്ക്കുന്നു. | ആവശ്യാനുസരണം | ഗണിതാധ്യാപകർ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുൻ നിരയിലെത്തിക്കുന്നു. | • ഗണിതക്ലിനിക്ക്<br>• ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിതാധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.(വർക്ക്ഷീറ്റുകൾ) | ആഴ്ചയിൽ ഒരു പിരീഡ് | ഗണിതാധ്യാപകരും സമർത്ഥരായ കുട്ടികളും |
| ഗണിത പഠനം ആസ്വാദ്യകരവും ലളിതവുമാക്കുന്നതിന് | • ഗണിത ട്രിക് കാർഡ്<br>• പഠനസമയത്തിന് മുമ്പായി ഗണിത ട്രിക് ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ഓരോ കുട്ടിയും അവതരിപ്പിക്കുന്നു. ട്രിക്കുകൾ ചേർത്തു വച്ച് ട്രിക് ബുക്ക് തയ്യാറാക്കുന്നു. | | |
| ആധുനിക ശാസ്ത്രസാങ്കാതിക വിദ്യസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | • ഐടി സാധ്യതകളിലൂടെ<br>• ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം പോലെയുള്ള പ്രവർത്തങ്ങൾ ഐടി സാധ്യതകൾ(ജിയോജിബ്ര) ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടിളിലേക്ക് എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം ഗണിതാധ്യാപകർ | |

| **മേഖല : അക്കാദമികം**<br>**ഉപമേഖല : ഹിന്ദി(ഹൈസ്കൂൾ)** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | കഥ, വായന, കവിതാവായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | പിടിഎ മാനേജ്മെന്റ് |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധസാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| വിവർത്തകർ, വാർത്താവായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലികികായി കുട്ടികളെ പ്രാപ്തരാക്കുക | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായ സംഭാഷണങ്ങൾ തയ്യാറാക്കാൻ പറയുന്നു.<br>• ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം, ഹിന്ദി ന്യൂസ് കേൾപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |

## മേഖല : അക്കാദമികം

**ഉപമേഖല : ഹിന്ദി(യുപി)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരമെഴുത്ത്, ചിന്ഹം ഉറപ്പിക്കൽ, അക്ഷരകാർഡ്,, വാക്കുകളെഴുതിയ കാർഡ്<br>• ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>• വാക്കുകളെഴുതിയ കാർഡുകൾ ചിത്ര സഹിതം | ജൂൺ മുതൽ ആഗസ്ത് വരെ | അകഷര ചാർട്ട് പാഠപുസ്തകം | ബിആർസി ഡയറ്റ് റിസോഴ്സ് ടീച്ചർ |
| കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | • വീട്ടിലുപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>• ഐ സി ടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• സി.ഡബ്ല്യു.എസ്. എൻ കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു | പിടിഎ<br>ബിആസി<br>ടീച്ചർ |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കുവാനുമുള്ള അവസരം (സുരീലി ഹിന്ദി) | • ഹിന്ദി അസ്സംബ്ലി<br>• ദിനാചരണങ്ങൾ<br>(ഹിന്ദി ദിനം സെപ്തംബർ 14, ജനുവരി 10)<br>• അധികവായന<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ | ബിആർസി<br>ഡയറ്റ്<br>പിടിഎ<br>എസ് സി ആർ ടി |

# മേഖല : അക്കാദമികം

## ഉപമേഖല : കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭാതികം | പിന്തുണ |
|---|---|---|---|---|
| കുട്ടികളിൽ മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുന്നു. | മനസ്സിന് ശ്ന്തതയും സുഖവും പകരുന്ന ഗാനങ്ങൾ ഇന്റർ കോമിലൂടെ കേൾപ്പിച്ച് മാനസികാരോഗ്യവും അച്ചടക്കവും ഏകാഗ്രതയും വർദ്ധിപ്പിക്കുന്നു. | ദിവസേന | കായികാധ്യാപിക | |
| യോഗപരിശീലനത്തിലൂടെ കുട്ടികളെ ആരോഗ്യവാന്മാരാക്കുകയും പഠനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാനും പ്രാപ്തരാക്കുന്നു. | ക്ലാസ്സ് പിരീഡുകളിൽ വിവധ യോഗാസന മുറകൾ പരിശീലിപ്പിക്കുന്നു. | ദിവസേന | കായികാധ്യാപിക | |
| ഇന്റർ സ്കൂൾ ബാസ്കറ്റ്ബോൾ ആന്റ് വോളൂബോൾ മത്സരം സംഘടിപ്പിക്കുന്നതിലൂടെ കുട്ടികൾക്ക് ഈ ഗെയിമിനോടുള്ള താത്പര്യം കൂടുന്നു. നേത പാടവം, മത്സരബുദ്ധി എന്നിവ ഉണ്ടാകുന്നു. | ജില്ലയിലെ വിവധ സ്കൂളുകളിലെ ബാസ്കറ്റ്ബോൾ ടീമിനെ മത്സരത്തിനായി സംഘടിപ്പിക്കുന്നു. വിജയികൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു. | രണ്ടു ദിവസം | കായികാധ്യാപിക | പിടിഎ<br>8000 രൂപ |
| ബാസ്കറ്റബോൾ, വോളീബോൾ, ഷട്ടിൽ ബാഡമിന്റൺ എന്നീ | അഞ്ചു മുതൽ ഏഴു വരെയുള്ള ക്ലാസ്സുകളിലെ മിടുക്കരായ കുട്ടികളെ തെരഞ്ഞെടുത്ത് എല്ലാ ദിവസവും നാലു മണിക്ക് | ദിവസേന | ഈ രംഗത്ത് | 25000 |

| | | | | |
|---|---|---|---|---|
| ഗെയിംസിനു പുറമെ സോഫ്റ്റ്ബോൾ, ടേബിൾ ടെന്നീസ് എന്നീ പുടിയ ഗെയിംസിന്റെ പരിശീലനത്തിലൂടെ കായകക്ഷമതയോടെയും കൂടുതൽ ഊർ ജസ്വലയടെടും കൂടി പഠിക്കുവാനുള്ള കവിവുണ്ടാകുന്നു. | ശേഷം പരിശീലനം നൽകുന്നു. | | മികച്ചു നിൽക്കുന്ന കോച്ചിന്റെ സേവനം ലഭ്യമാക്കുന്നു. | |
| മാസ് ഡ്രിൽ, സൂംബ, എയ്റോബിക്സ് എക്സസൈസിലൂടെ മുഴുവൻ കുട്ടകൾക്കും ന്യൂറോ മസ്കുലർ കോർ ഡിനേഷൻ ഉണ്ടാക്കിയെടുക്കുന്നു. | ക്ലാസ്സ് പിരീഡുകളിൽ വിവധങ്ങളായ മാസ് ഡ്രില്ലുകളുടെയും എയ്റോബിക്സിന്റെയും സൂംബയുടെയും സ്റ്റെപ്പുകൾ പരിശീലിപ്പിക്കുന്നു. ആഴ്ചയിൽ ഒരു ദിവസം മുഴുവൻ കുട്ടികളും ഒന്നിച്ചു ചേർന്ന് പരിശീലിക്കുന്നു. | ദിവസേന | കായികാധ്യാപിക | |

## മേഖല : അക്കാദമികം

**ഉപമേഖല : സംഗീതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| മാനസികവും ആത്മീയവുമായ ഉണർവ്വ് ഉണ്ടാക്കുന്നു.<br><br>പരസ്പര സ്നേഹം, ബഹുമാനം, സഹാനുഭൂതി എന്നീ മൂല്യങ്ങൾ വളർ ത്തിയെടുക്കുക. | സംഗീതപഠനത്തിലൂടെയും ഉപകരമപരിശീനത്തിലൂടെയും അറിവ് സമ്പാദിക്കുന്നു. ലഭിച്ച അറിവുകൾ മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുന്നു.<br>ഒറ്റയ്ക്കും സംഘമായും വേദികളിൽ അവതരിപ്പിക്കാൻ അവസരം ഉണ്ടാക്കുന്നു. കലോത്സവങ്ങളിൽ കൂടുതൽ മികവോടെ പ്രവർത്തിക്കാനുള്ള ആർജവം ഉണ്ടാക്കിയെടുക്കുന്നു. തെരഞ്ഞെടുക്കപ്പെട്ടവർക്ക് പ്രത്യേക പരിശീലനം നൽകുന്നു. മ്യൂസിക് ഗ്രൂപ്പുകൾ, സ്കൂൾ ക്വയറുകളിലൂടെയും നിരവധി ഗാനങ്ങൾ കേൾക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക. | 5 വർഷം | പ്രഗൽഭരായ വ്യക്തികളുടെ സംഗീത കച്ചേരികൾ, ചിത്രരചനാക്യാമ്പ്, നാടകശിൽപശാല, നൃത്തശിൽപശാല തുടങ്ങിയവ സംഘടിപ്പിക്കുക<br><br>സ്കൂളിനുള്ളിൽ തന്നെ ഉപകരണസംഗീതങ്ങൾക്ക് പ്രത്യേക പരിശീലനം കൊടുക്കാൻ സൗകര്യമൊരുക്കുക | പിടിഎ<br><br>2000<br><br>1000 |
| ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ക്കൊണ്ട് സംഗീതത്തിന്റെ വിവിധമേഖലകൾ പരിചയപ്പെടുത്തുന്നു. | ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ ഉപയോഗിച്ച് റംക്കോഗിംഗ് സ്റ്റുഡിയോ സൗകര്യമൊരുക്കുക | | | 2000 |

# മേഖല : അക്കാദമികം

## ഉപമേഖല : ഐടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ഐസിടി സഹായത്തോടെ പൂർത്തീകരിക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക | സ്കൂൾ അധ്യാപകപരിശീലനങ്ങൾ സംഘടിപ്പിക്കുക.ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ്വെയറുകൾ ഐസിടി ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠനപ്രവർത്തനങ്ങൾ കൂടുതൻ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | എസിടി പരിശീലനം നേടിയ അധ്യാപകർ<br>ലിറ്റിൽ കൈറ്റ്സ് | പിടിഎ |
| വിവധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനവിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ഐസിടി പഠനവിഭവങ്ങൾ സ്കൂൾലലത്തിൽ തയ്യാറാക്കുക. ഇതിനായി സ്കൂൾ തലത്തിൽ ഐസിടി ശിൽപശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | എസിടി പരിശീലനം നേടിയ അധ്യാപകർ ലിറ്റിൽ കൈറ്റ്സ് | പിടിഎ |
| പഠനപ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക | ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഹ്രസ്വചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | എസിടി പരിശീലനം നേടിയ അധ്യാപകർ ലിറ്റിൽ കൈറ്റ്സ് | പിടിഎ |
| ഓരോ കാലഘട്ടത്തിലും സാഘ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ഗുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക | ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ സൈബർ ഗദുരുപയോഗങ്ങൾക്കെടിരെയുള്ള ബോധവൽക്കരണം : മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനീവശ്യമായ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ ചൈൽഡ് ലൈൻ ലിറ്റിൽ കൈറ്റ്സ് | |